# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 നവംബർ 9

# വാർത്താക്കുറിപ്പ്

## പുതുക്കിയ പരീക്ഷ തീയതി

2020 മാർച്ച് 16, 18 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന ആറാം സെമസ്റ്റർ (സി.ബി.സി.എസ്. - 2017 അഡ്മിഷൻ റഗുലർ/പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾ യഥാക്രമം നവംബർ 18, 20 തീയതികളിൽ നടക്കും.

(പി.ആർ.ഒ/39/1117/2020)

## അപേക്ഷ തീയതി

മൂന്നും നാലും സെമസ്റ്റർ എം.എ./എം.എസ് സി./എം.കോം. പ്രൈവറ്റ് (2018 അഡ്മിഷൻ റഗുലർ, 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി, 2013, 2014 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ നവംബർ 18 വരെയും 525 രൂപ പിഴയോടെ നവംബർ 19 വരെയും 1050 രൂപ സൂപ്പർഫൈനോടെ നവംബർ 20 വരെയും അപേക്ഷിക്കാം. അദാലത്ത് - സ്പെഷൽ മേഴ്സി ചാൻസ് 2018 മൂന്ന്, നാല് സെമസ്റ്റർ പ്രൈവറ്റ് (നോൺ സി.എസ്.എസ്.), 2004 മുതൽ 2011 വരെ അഡ്മിഷൻ റഗുലർ (കോളേജ് പഠനം) എം.എ./എം.എസ് സി./എം.കോം. പരീക്ഷകളും ഇതോടൊപ്പം നടക്കും. സ്പെഷൽ മേഴ്സി ചാൻസ് ഫീസ് (5000 രൂപ) അടച്ചവർ വീണ്ടും അടയ്ക്കേണ്ടതില്ല. ആദ്യ മേഴ്സി ചാൻസുകാർ 5250 രൂപയും രണ്ടാം മേഴ്സി ചാൻസുകാർ 7350 രൂപയും അവസാന മേഴ്സി ചാൻസുകാർ 10500 രൂപയും സ്പെഷൽ ഫീസായി പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. epay.mgu.ac.in എന്ന പോർട്ടൽ വഴിയാണ് ഫീസടയ്ക്കേണ്ടത്. എം.എ./എം.കോം. വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ 9 (പരീക്ഷ)നും എം.എസ് സി.ക്കാർ അസിസ്റ്റന്റ് രജിസ്ട്രാർ 8 (പരീക്ഷ)നും അപേക്ഷ നൽകണം.

(പി.ആർ.ഒ/39/1118/2020)

## വൈവാവോസി

2020 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ഫിൽ ഫിസിക്കൽ എജ്യുക്കേഷൻ (2017 അഡ്മിഷൻ) പരീക്ഷയുടെ ഡിസർട്ടേഷൻ/വൈവാവോസി പരീക്ഷ നവംബർ 17ന് രാവിലെ 11ന് സർവകലാശാല സിൽവർ ജൂബിലി പരീക്ഷഭവനിലെ 201-ാം നമ്പർ മുറിയിൽ നടക്കും. വിദ്യാർഥികൾ ഹാൾടിക്കറ്റും തിരിച്ചറിയൽ രേഖയുമായി പരീക്ഷയ്ക്ക് എത്തണം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1119/2020)

## പരീക്ഷഫലം

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ് (പി.ജി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. 2012 അഡ്മിഷൻ മുതലുള്ള വിദ്യാർഥികൾ പുനർമൂല്യനിർണയത്തിന് നവംബർ 23 വരെ സർവകലാശാല വെബ് സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ എന്ന ലിങ്കിലൂടെ ഓൺലൈനായി സമർപ്പിക്കണം.

(പി.ആർ.ഒ/39/1120/2020)

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (എം.എച്ച്.എം. - 2018 അഡ്മിഷൻ റഗുലർ/2018ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 20 വരെ സർവകലാശാല വെബ് സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ എന്ന ലിങ്കിലൂടെ ഓൺലൈനായി സമർപ്പിക്കണം.

(പി.ആർ.ഒ/39/1121/2020)

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ് സി. അനലിറ്റിക്കൽ കെമിസ്ട്രി (സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 19 വരെ സർവകലാശാല വെബ് സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ എന്ന ലിങ്കിലൂടെ ഓൺലൈനായി സമർപ്പിക്കണം.

(പി.ആർ.ഒ/39/1122/2020)

2019 ഓഗസ്റ്റിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എ. (2009-2012 അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. 2011 അഡ്മിഷൻ മുതലുള്ള വിദ്യാർഥികൾ പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 20 വരെ സർവകലാശാല വെബ് സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ എന്ന ലിങ്കിലൂടെ ഓൺലൈനായി സമർപ്പിക്കണം. 2011 അഡ്മിഷന് മുമ്പുള്ള അപേക്ഷകർ പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഫീസടച്ച് നവംബർ 20നകം നേരിട്ട് സമർപ്പിക്കണം.

(പി.ആർ.ഒ/39/1123/2020)

2019 ഓഗസ്റ്റിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.എ. (2009-12 അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. 2011 അഡ്മിഷൻ മുതലുള്ള വിദ്യാർഥികൾ പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 20 വരെ സർവകലാശാല വെബ് സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ എന്ന ലിങ്കിലൂടെ ഓൺലൈനായി സമർപ്പിക്കണം. 2011 അഡ്മിഷന് മുമ്പുള്ള അപേക്ഷകർ പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഫീസടച്ച് നവംബർ 20നകം നേരിട്ട് സമർപ്പിക്കണം.

(പി.ആർ.ഒ/39/1124/2020)

## തദ്ദേശ സ്വയംഭരണ സ്ഥാപന - സർവകലാശാല ബന്ധം ശക്തിപ്പെടുത്തണം: ഡോ. കെ.എൻ. ഹരിലാൽ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സർവകലാശാലകളടക്കമുള്ള അക്കാദമിക സ്ഥാപനങ്ങളുമായി സഹകരണം ഉറപ്പാക്കണമെന്നും സമൂഹത്തിന് ഗുണകരമായ രീതിയിൽ അക്കാദമിക സ്ഥാപനങ്ങളെ പ്രയോജനപ്പെടുത്തണമെന്നും സംസ്ഥാന ആസൂത്രണ ബോർഡംഗം ഡോ. കെ.എൻ. ഹരിലാൽ പറഞ്ഞു. മഹാത്മാഗാന്ധി സർവകലാശാലയുടെ അന്തർസർവകലാശാല സാമൂഹികശാസ്ത്ര-ഗവേഷണ കേന്ദ്രം കേരള സർക്കാരിന്റെ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പുമായി സഹകരിച്ച് സംഘടിപ്പിച്ച പ്രാദേശിക വികസന വെബിനാറിൽ 'നെടുമങ്ങാട് മാതൃകയും ബ്ലോക്ക് പഞ്ചായത്തുകളും: പ്രാദേശിക വികസനത്തിന്റെ പാഠങ്ങൾ' എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രാദേശിക വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാൻ അക്കാദമിക സ്ഥാപനങ്ങളുടെ പിന്തുണയും വൈദഗ്ധ്യവും സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് നൂതനവും സുസ്ഥിരവുമായ ഇടപെടലുകളാണ് നടത്തുന്നതെന്നും വിജയകരമായ വികസന മാതൃകയാണെന്നും മുഖ്യപ്രഭാഷണം നടത്തിയ കേരള സർവകലാശാല സാമ്പത്തികശാസ്ത്രവകുപ്പിലെ ഡോ. മഞ്ജു എസ്.നായർ പറഞ്ഞു. ദേശീയ പുരസ്കാരം നേടിയ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി. ബിജു, ഐ.യു.സി.എസ്.എസ്.ആർ.ഇ. ഡയറക്ടർ ഡോ. കെ.എം. സീതി, സംസ്ഥാന ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ആർ. സുഭാഷ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ എക്സിക്യൂട്ടീവ് കോഓർഡിനേറ്റർ കെ.ബി. മദൻ മോഹൻ, ഡോ. വി. മാത്യു കുര്യൻ, ഡോ. ജോസ് ചാത്തുകുളം, ഡോ. രാജേഷ് മണി, ഡോ. വിപിൻ കുമാർ, ഡോ. മാത്യു വർഗീസ് എന്നിവർ സംസാരിച്ചു. കോട്ടയം, ഇടുക്കി, പത്തനംതിട്ട, എറണാകുളം ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്ത് ഭാരവാഹികളും ഉദ്യോഗസ്ഥരും വെബിനാറിൽ പങ്കെടുത്തു.

(പി.ആർ.ഒ/39/1125/2020)

**എ. അരുൺകുമാർ**

പബ്ലിക്റിലേഷൻസ്ഓഫീസർ